**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 318** **23-01-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയെ മാലിന്യ മുക്തമാക്കാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം മേഖലയെ മാലിന്യമുക്തമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ? | (എ) | മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി വിനോദ സഞ്ചാര വകുപ്പിന്റെ പങ്കാളിത്തത്തോടെ സംസ്ഥാനത്തെ 503 വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അവസ്ഥാപഠനം നടത്തുകയും പഠനത്തിന്റെ അടിസ്ഥാനത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ഉടമസ്ഥതയുള്ള വകുപ്പ് മേധാവിമാരുടെ പങ്കാളിത്തത്തോടെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. തദ്ദേശ സ്ഥാപന തലത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പ്/ ഏജൻസികളുടെയും പങ്കാളിത്ത പ്രവർത്തനമെന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. പഠനത്തിന്റെ അടിസ്ഥാനത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് ആവശ്യമായ 'ശുചിത്വ മാലിന്യ പ്രോട്ടോക്കോൾ' പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ